# കേരള സർവകലാശാല

നം.പി.ആർ.222/2018 ഫോൺ : 2305994

# പത്രക്കുറിപ്പ്

## പരീക്ഷാതീയതി

2018 സെപ്റ്റംബർ 13 ന് നടത്താനിരുന്ന ഒന്നാം സെമസ്റ്റർ ബി.എ, ബി.എസ്.സി (വിദൂരവിദ്യാഭ്യാസം – 2017 അഡ്മിഷൻ) ഡിഗ്രി പരീക്ഷയുടെ 'Foundation Course I - EN 1121 - Writings on Contamporary Issues'എന്ന പേപ്പറും ഒന്നാം സെമസ്റ്റർ ബി.കോം (വിദൂരവിദ്യാഭ്യാസം – 2017 അഡ്മിഷൻ) ഡിഗ്രി പരീക്ഷയുടെ 'Foundation Course I - CO 1121 - Methodology and Perspectives of Business Education'എന്ന പേപ്പറും നവംബർ 5 ന് നടത്തുന്നതാണ്. പരീക്ഷാകേന്ദ്രങ്ങൾക്കും സമയക്രമത്തിനും മാറ്റമില്ല. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

2018 സെപ്റ്റംബർ–ഒക്ടോബറിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്.സി സൈക്കോളജി പരീക്ഷയുടെ പ്രാക്ടിക്കൽ, വൈവ പരീക്ഷകൾ ഒക്ടോബർ 26 മുതൽ നവംബർ 2 വരെ അതാതു കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

## സ്പോട്ട് അഡ്മിഷൻ

എഡ്യുക്കേഷൻ, ഫിലോസഫി, ഹിന്ദി, സംസ്കൃതം, ഇസ്ലാമിക് ഹിസ്റ്ററി, ഡെമോഗ്രഫി ആന്റ് ബയോസ്റ്റാറ്റിസ്റ്റിക്സ്, ആക്ചുറിയൽ സയൻസ്, ലിംഗ്വിസ്റ്റിക്സ് എന്നീ പഠന വകുപ്പുകളിൽ ബിരുദാനന്തരബിരുദത്തിന് ഒഴിവുള്ള സീറ്റുകളിൽ എല്ലാ വിഭാഗക്കാർക്കും സ്പോട്ട് അഡ്മിഷൻ നടത്തുന്നു. അപേക്ഷാ സമർപ്പിക്കേണ്ട അവസാന തീയതി ഒക്ടോബർ 11. അപേക്ഷാ ഫോറവും മറ്റ് വിശദ വിവരങ്ങളും കാര്യവട്ടം സി.എസ്.എസ് ഓഫീസിൽ ലഭ്യമാണ്. രജിസ്ട്രേഷൻ ഫീസ് 520 രൂപ. എസ്.സി/എസ്.ടി വിഭാഗത്തിന് 270 രൂപ. പ്രവേശന പരീക്ഷ ഒക്ടോബർ 15 ന്.

## പരീക്ഷാഫീസ്

ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം സി.ബി.സി.എസ്.എസ് ബി.എ/ബി.എസ്.സി/ബി.കോം രണ്ടും നാലും സെമസ്റ്റർ മേഴ്സിചാൻസ് – 2010 & 2011 അഡ്മിഷൻ ഡിഗ്രി പരീക്ഷകൾ, ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ബി.എ/ബി.എസ്.സി/ബി.കോം/ബി.ബി.എ/ബി.സി.എ/ബി.പി.എ രണ്ടും നാലും സെമസ്റ്റർ മേഴ്സിചാൻസ് – 2010 & 2011 അഡ്മിഷൻ ഡിഗ്രി പരീക്ഷകൾ എന്നിവയിക്ക് പിഴ കൂടാതെ ഒക്ടോബർ 17 വരെയും 50 രൂപ പിഴയോടെ 23 വരെയും 125 രൂപ പിഴയോടെ 25 വരെയും അപേക്ഷിക്കാം. പരീക്ഷാഫീസ് കൂടാതെ 2000/– രൂപ മേഴ്സി ചാൻസ് ഫീസും, 200/– രൂപ വാല്യുവേഷൻ ക്യാമ്പ് ഫീസും അടയ്ക്കേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

സി.ബി.സി.എസ്.എസ് ബി.എ/ബി.എസ്.സി/ബി.കോം രണ്ടും നാലും സെമസ്റ്റർ 2012 അഡ്മിഷൻ സപ്ലിമെന്ററി പരീക്ഷകൾക്ക് പിഴ കൂടാതെ ഒക്ടോബർ 17 വരെയും 50 രൂപ പിഴയോടെ 23 വരെയും 125 രൂപ പിഴയോടെ 25 വരെയും അപേക്ഷിക്കാം. ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ബി.എ/ബി.എസ്.സി/ബി.കോം/ബി.ബി.എ/ ബി.സി.എ/ബി.പി.എ രണ്ടും നാലും സെമസ്റ്റർ 2012 അഡ്മിഷൻ സപ്ലിമെന്ററി പരീക്ഷകൾക്ക് പിഴ കൂടാതെ ഒക്ടോബർ 17 വരെയും 50 രൂപ പിഴയോടെ 23 വരെയും 125 രൂപ പിഴയോടെ 25 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം സി.ബി.സി.എസ്.എസ് ബി.എ/ബി.എസ്.സി/ബി.കോം ഒന്നാം സെമസ്റ്റർ നവംബർ 2018 ഡിഗ്രി പരീക്ഷകൾക്ക് – 2018 അഡ്മിഷൻ റെഗുലർ ഒക്ടോബർ 12 മുതൽ ഓൺലൈനായി അപേക്ഷിക്കാം. പിഴ കൂടാതെ ഒക്ടോബർ 23 വരെയും 50 രൂപ പിഴയോടെ 25 വരെയും 125 രൂപ പിഴയോടെ 27 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

നവംബർ 8 മുതൽ ആരംഭിക്കുന്ന ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം ബി.എ/ബി.എസ്.സി/ബി.കോം/ബി.ബി.എ/ബി.സി.എ/ബി.എസ്.ഡബ്ല്യു/ബി.വോക്. (കരിയർ റിലേറ്റഡ്) കോഴ്സുകളുടെ ഒന്നാം സെമസ്റ്റർ (റഗുലർ – 2018 അഡ്മിഷൻ) പരീക്ഷയ്ക്ക് പിഴ കൂടാതെ ഒക്ടോബർ 23 വരെയും 50 രൂപ പിഴയോടെ ഒക്ടോബർ 25 വരെയും 125 രൂപ പിഴയോടെ ഒക്ടോബർ 27 വരെയും ഫീസടച്ച് അപേക്ഷിക്കാം. ഓൺലൈൻ രജിസ്ട്രേഷൻ ഒക്ടോബർ 12 ന് ആരംഭിക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2018 ഒക്ടോബറിൽ ആരംഭിക്കുന്ന ആറാം സെമസ്റ്റർ ബി.ടെക് പാർട്ട് ടൈം റീസ്ട്രക്ച്ചേർഡ് 2013 സ്കീം പരീക്ഷയുടെ ഓൺലൈൻ രജിസ്ട്രേഷൻ ഒക്ടോബർ 10 മുതൽ ആരംഭിക്കുന്നു. പരീക്ഷയ്ക്ക് പിഴ കൂടാതെ ഒക്ടോബർ 17 വരെയും 50 രൂപ പിഴയോടെ ഒക്ടോബർ 23 വരെയും 125 രൂപ പിഴയോടെ ഒക്ടോബർ 26 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലം

2018 മേയ്/ജൂണിൽ നടത്തിയ ഒന്നാം വർഷ പ്രൈവറ്റ് രജിസ്ട്രേഷൻ എം.എ സോഷ്യോളജി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്രാക്ടിക്കൽ പരീക്ഷ

ജൂലൈ/ആഗസ്റ്റ് 2018 ൽ നടന്ന ആറാം സെമസ്റ്റർ ബി.ടെക് (2008 സ്കീം) (സപ്ലിമെന്ററി) – ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് ബ്രാഞ്ച് പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ 12, 15, 16 തീയതികളിൽ നടത്തുന്നതാണ്. വിശദവിവരങ്ങൾക്ക് വിദ്യാർത്ഥികൾ അതാത് കോളേജുകളുമായി ബന്ധപ്പെടുക.

## കൈരളി റിസർച്ച് അവാർഡ്

സർവകലാശാല കൈരളി റിസർച്ച് അവാർഡുകൾക്ക് അപേക്ഷ ക്ഷണിച്ചു. യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. അവസാന തീയതി ഒക്ടോബർ 31. കൂടുതൽ വിവരങ്ങൾക്ക് https://www.keralauniversity.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 0471 – 2303013.

## ദേശീയ സെമിനാർ

രസതന്ത്ര വിഭാഗം ഒക്ടോബർ 11, 12 തീയതികളിൽ 'രസതന്ത്രത്തിലെ നൂതന വികാസങ്ങൾ' എന്ന വിഷയത്തിൽ ദേശീയ സെമിനാർ നടത്തുന്നു. 11 ാം തീയതി രാവിലെ 9.30 ന് പദ്മശ്രീ പ്രൊഫസർ ഇ.ഡി ജെമ്മിസ് സെമിനാറിന്റെ ഉദ്ഘാടനം നിർവ്വഹിക്കുന്നതാണ്. സെമിനാറിൽ എട്ടു മുഖ്യ പ്രഭാഷണങ്ങളും വിദ്യാർത്ഥികളുടെ പ്രബന്ധാവതരണങ്ങളും ഉണ്ടായിരിക്കുന്നതാണ്.

## അപേക്ഷ ക്ഷണിക്കുന്നു

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷിലെ സെന്റർ ഫോർ ഇംഗ്ലീഷ് ലാംഗ്വേജ് ടീച്ചിങ്ങിൽ നടത്തുന്ന (3 മാസം) 'Spoken English Skill Development' (3 മാസം) കോഴ്സിലേയ്ക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷയോടൊപ്പം 2500/– രൂപ ഫിനാൻസ് ഓഫീസർ, കേരള സർവകലാശാലയുടെ പേരിൽ 'Major Head 49 (u)' എന്ന ഹെഡ്ഡിൽ ക്യാഷ് കൗണ്ടറിൽ ഫീസ് അടയ്ക്കാം. അപേക്ഷ സർവകലാശാല വെബ്സൈറ്റിൽ. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ഒക്ടോബർ 22 വൈകിട്ട് 4 മണി വരെ. അപേക്ഷകൾ അയയ്ക്കേണ്ട വിലാസം 'ദി ഡയറക്ടർ, സെന്റർ ഫോർ ഇംഗ്ലീഷ് ലാംഗ്വേജ് ടീച്ചിങ്ങ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ്, കേരള സർവകലാശാല, പാളയം, തിരുവനന്തപുരം – 34'

## പി.ജി എസ്.സി/എസ്.ടി. സ്പോട്ട് അലോട്ട്മെന്റ് 2018 – 2019

2018–19–ലെ ഒന്നാം വർഷ ബിരുദാനന്തര ബിരുദ കോഴ്സുകളിലേക്ക് ഒഴിവുള്ള എസ്.സി./എസ്.ടി. സീറ്റുകളിലേയ്ക്ക് സ്പോട്ട് അലോട്ട്മെന്റ് സർവകലാശാല സെനറ്റ് ഹാളിൽ ഒക്ടോബർ 10–ന് നടത്തുന്നു. കോളേജുകളിൽ ഒഴിവുള്ള സീറ്റുകളുടെ വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ(http://admissions. keralauniversity.ac.in) പ്രസിദ്ധീകരിക്കും.

രാവിലെ 9 മണി മുതൽ 11 മണി വരെ എസ്.സി./എസ്.ടി. വിദ്യാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ട് സഹിതം ഹാജരായി റിപ്പോർട്ട് ചെയ്യണം. നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി. വാങ്ങുവാൻ പാടുള്ളൂ. ഇതുവരെ പ്രവേശനം ലഭിക്കാതെ സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികളുടെ കൈവശം യോഗ്യതയും ജാതിയും തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ ഉണ്ടായിരിക്കണം. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന ആർക്കും തന്നെ സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ പ്രത്യേക സമയം അനുവദിക്കുന്നതല്ല. കോളേജും കോഴ്സും അലോട്ട് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല. രജിസ്ട്രേഷൻ സമയം കഴിഞ്ഞു വരുന്നവരെ പിന്നീട് പരിഗണിക്കുന്നതല്ല.

അലോട്ട്മെന്റ് ലഭിച്ചാൽ പ്രവേശന ഫീസായ 340/– രൂപ അന്നേ ദിവസം തന്നെ ഒടുക്കേണ്ടതാണ്. മുൻപ് പ്രവേശന ഫീസ് അടച്ചവർ അതിന്റെ രസീത് നൽകിയാൽ മതിയാകും. നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ കോളേജിൽ നിന്നും ലഭിച്ച തിരിച്ചറിയൽ കാർഡ്, ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് എന്നിവ നിർബന്ധമായും ഹാജരാക്കേണ്ടതാണ്.

പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും  പ്രസിദ്ധീകരിക്കുന്നതിന്.)

തിരുവനന്തപുരം.
09.10.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300
(from mobile) 0471-2115054 and 0471-2115098